"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 22.04.2024

# "തൊഴിലില്ലായ്മ വേതനത്തിൽ അഴിമതി- കോർപ്പറേഷൻ ഉദ്യോഗസ്ഥർക്ക് കഠിന തടവ്."

2005-2006 കാലഘട്ടത്തിൽ തിരുവനന്തപുരം കോർപ്പറേഷനിലെ തൊഴിലില്ലായ്മ വേതന വിതരണത്തിൽ ക്രമക്കേട് നടത്തിയ അക്കൗണ്ട്സ് വിഭാഗം ഉദ്യോഗസ്ഥനെയും ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥനെയും ഇന്ന് (22/04/2024) തിരുവനന്തപുരം വിജിലൻസ് കോടതി കഠിന തടവിന് ശിക്ഷിച്ചു.

അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് സർക്കാർ നൽകുന്ന ധനസഹായമായ തൊഴിലില്ലായ്മ വേതന വിതരണത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ 2005-2006 സാമ്പത്തിക വർഷത്തിൽ ക്രമക്കേട് നടത്തി 15,45,320/- രൂപ വെട്ടിച്ചതിലേക്ക് തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം നൽകിയ കേസ്സിലാണ് അക്കൗണ്ട്സ് വിഭാഗം ക്ലാർക്കായ പി.എൽ. ജീവനെയും, ഹെൽത്ത് വിഭാഗം ക്ലാർക്കായ സദാശിവൻ നായരെയും കുറ്റക്കാരാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തി രണ്ട് പേരെയും വിവിധ വകുപ്പുകളിലായി ആകെ 12 വർഷം കഠിന തടവിന് ശിക്ഷിച്ചത്. ഇത് കൂടാതെ ഒന്നാം പ്രതിയായ ജീവനോട് 6,35,000/- രൂപ പിഴ ഒടുക്കുന്നതിനും, രണ്ടാം പ്രതിയായ സദാശിവൻ നായരോട് 6,45,000/- രൂപ പിഴ ഒടുക്കുന്നതിനും കോടതി ആവശ്യപ്പെട്ടു. രണ്ട് പ്രതികളെയും റിമാന്റ് ചെയ്ത് ജയിലിലടച്ചു.

തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 ലെ ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. കെ.എസ്.വിമൽ രജിസ്റ്റർ ചെയ്ത കേസ്സ് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. സജി, ശ്രീ. എം.അനിൽ കുമാർ, ശ്രീ. പി.വി.രമേശ് കുമാർ, ശ്രീ. എസ്.സജാദ്, ശ്രീ. ജി.ബിനു എന്നിവർ അന്വേഷണം നടത്തി ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. അജിത് കുമാർ കുറ്റപത്രം സമർപ്പിച്ചു.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി വീണ സതീശൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.